# ഉദ്യമി മിത്ര പോർട്ടൽ (www.udyamimitra.in) -

## എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തികവും സാമ്പത്തികേതരവുമായ സേവനങ്ങളിലേക്കുള്ള കവാടം

തീരെ ചെറിയത്, ചെറുകിട–ഇടത്തരം ഉദ്യമങ്ങൾക്ക് (എം എസ് എം ഇ) സാമ്പത്തിക സഹായം നൽകുന്ന മുഖ്യ സ്ഥാപനം എന്ന നിലയ്ക്ക് സിഡ്ബി സുസ്ഥാപിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ പ്രയത്നിച്ചു വരികയാണ്. sidbi.in, smallB.in, sidbistartupmitra.in, standupmitra.in മുതലായ വിവിധ പോർട്ടലുകൾ ഉൾപ്പെട്ട ആഹ്ലാദകരമായ ഡിജിറ്റൽ സംരംഭങ്ങളുടെ ശൃംഖലയിൽ സിഡ്ബി, ഉദ്യമങ്ങൾക്കായുള്ള എല്ലാ വായ്പകൾക്കും പരസ്പര സമ്പർക്കം പുലർത്തുന്ന വെബ് പോർട്ടൽ ആയി www.udyamimitra.inഎന്ന പോർട്ടൽ അവതരിപ്പിച്ചിരിക്കുകയാണ്. സ്റ്റാൻഡ്–അപ് മിത്ര പോർട്ടലിന്റെ വിവര സാങ്കേതിക വിദ്യയുടെ രൂപകല്പന ഉപയോഗപ്പെടുത്തുന്ന ഒരു പ്ലാറ്റ്ഫോം ആണ് ഇത്. തങ്ങളുടെ സാമ്പത്തികവും സാമ്പത്തികേതരവുമായ ആവശ്യങ്ങൾക്കായി അനായാസം സമീപിക്കാൻ എം എസ് എം ഇ കളെ പ്രാപ്തരാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

മുഖ്യ സവിശേഷതകൾ

തുടക്കം മുതൽ ഒടുക്കം വരെ

- ✓ രാജ്യത്തെവിടേയും ഏതു സമയത്തും ഏതു പ്രകാരത്തിലുമുള്ള ഉദ്യമ വായ്പ
- ✓ ചെറുകിട ബിസിനസ്സുകളുടെ ബിസിനസ്സ് ഐഡിയകളുടേയും ,അറിവിന്റേയും സംഗമസ്ഥാനം, ബിസിനസ്സ് സംബന്ധമായ വഴികാട്ടി, തല്പരകക്ഷികൾക്കിടയിൽ വിശ്വാസത്തിന്റെ ശില്പി
- ✓ വിശ്വാസയോഗ്യമായ കൂട്ടുകെട്ടുകൾ – രാജ്യത്താകമാനം വ്യാപിച്ചു കിടക്കുന്ന 1.25 ലക്ഷം ബാങ്ക് ശാഖകളും തുണയായി പ്രവർത്തിക്കുന്ന 17000ൽ പരം ഏജൻസികളും
- ✓ തീരുമാനം – സ്വയം മൂല്യനിർണ്ണയം ചെയ്യാം (പരിശീലന/തയ്യാർ പദ്ധതികൾ) , താല്പര്യമുള്ള ബാങ്ക് തെരഞ്ഞെടുക്കാം – 3 ബാങ്കുകൾ.
- ✓ താഴെപ്പറയുന്നതിന് പ്രാപ്തരാക്കുക –
- ➢ കൂടുതൽ വ്യാപകമായ ലഭ്യത ഉറപ്പു വരുത്തുന്ന വായ്പാ വിപണി – ബാങ്കുകൾക്ക് അപേക്ഷകൾ പരിശോധിച്ച് തിരഞ്ഞെടുത്ത് നടപടികൾ കൈക്കൊള്ളാവുന്നതാണ്. എല്ലാ ബാങ്കുകൾക്കും ഇപ്രകാരം തിരഞ്ഞെടുക്കാവുന്നതാണ്.
- ➢ എല്ലാ ബാങ്കുകൾക്കും സ്വീകാര്യമായ പൊതുവായ അപേക്ഷാ ഫോറം
- ➢ സുതാര്യതയും പ്രതികരണവും – നിർദ്ദേശാനുസരണം നിർമ്മിക്കപ്പെട്ട ഡാഷ്ബോർഡ് – നിങ്ങളുടെ പ്രൊപ്പോസലിനെ പിൻതുടരാം.– എല്ലാവർക്കും അലർട്ടുകൾ. ഉറപ്പായ പ്രതികരണം

വായ്പയോടൊപ്പം സേവനങ്ങൾക്കും 'തുടക്കം മുതൽ ഒടുക്കം' വരെയുള്ള പരിഹാരങ്ങൾ ലഭ്യമാക്കുക വഴി ഈ പോർട്ടൽ സമഗ്രവും പ്രതികരണശേഷിയുള്ളതും സുസ്ഥിരവുമായ പരിഹാരങ്ങൾക്കായി സമ്പൂർണ്ണ വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നു. ലഭ്യമായ സേവനങ്ങളിൽ ചിലത് ഇനിപ്പറയുന്നവയാണ് :

1. <u>എപ്പോഴും എവിടേയും :</u> ഈ പോർട്ടൽ, സാമ്പത്തികവും സാമ്പത്തികേതരവുമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും, തടസ്സങ്ങൾ കുറയ്ക്കാനും, അഖിലേന്ത്യാ തലത്തിൽ സാദ്ധ്യതകൾ തുറന്നു കൊടുക്കാനും യത്നിച്ചു വരികയാണ്. ഉദ്യമം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വായ്പയും (1.25 ലക്ഷം ബാങ്ക് ശാഖകൾ അടയാളപ്പെടുത്തപ്പെട്ടതിൽ 1.06 ലക്ഷം ബാങ്ക് ശാഖകൾ ഇപ്പോൾ സജീവമാണ്) തുണയായി നൽകുന്ന സേവനങ്ങളും (പദ്ധതിയ്ക്ക് പ്രൊപ്പോസലിന്റെ രൂപം നൽകുന്നതിനും, ഈഡിപി/സാമ്പത്തിക/നൈപുണ്യ പരിശീലനവും, മാർഗ്ഗനിർദ്ദേശവും നൽകുവാനും, മാർജിൻ മണി/സബ്സിഡി എന്നിവ ലഭ്യമാക്കാനും മറ്റും 17000ൽ പരം ഏജൻസികൾ പോർട്ടലിൽ ലഭ്യമാക്കപ്പെടുന്നതാണ്. വായ്പയ്ക്ക് നേരിട്ടുള്ള അപേക്ഷാഫോറം സമർപ്പിക്കാൻ ഇതിൽ വ്യവസ്ഥയുണ്ട്. തന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാൻ തനിയ്ക്ക് താല്പര്യമുള്ള 3 ബാങ്കുകളേയോ ബാങ്ക് ശാഖകളേയോ അപേക്ഷകന് തിരഞ്ഞെടുക്കാവുന്നതാണ്.

സമാനമായ ഒരു വായ്പ അപേക്ഷാഫോറം സ്വീകരിക്കുക വഴി എല്ലാ ബാങ്കുകളിലും വായ്പ അനുവദിയ്ക്കുന്നതിനു മുമ്പുള്ള മുഴുവൻ പ്രക്രിയകളും ഒരുപോലെ ക്രമീകരിക്കപ്പെടുന്നു. പരസ്പരം സമ്പർക്കം സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്തി ഉദ്യമികൾക്ക് മറ്റ് തല്പര കക്ഷികളുമായി സംവദിയ്ക്കാനാകും. അപേക്ഷകർക്കും തല്പര കക്ഷികൾക്കും സമയാസമയങ്ങളിൽ അയക്കുന്ന അലർട്ടുകൾ ( റജിസ്ട്രേഷൻ, ഇടപാട് തുടങ്ങുന്ന/പൂർത്തീകരിക്കുന്ന സമയത്തും, വായ്പ അനുവദിക്കുന്ന/നിരസിക്കുന്ന സമയത്തും ഇ-അക്നോളഡ്ജ്മെന്റ്) പെട്ടെന്നുള്ള പ്രതികരണങ്ങൾക്ക് വഴി വെയ്ക്കും. പ്രവർത്തനപരമായോ ടെക്നിക്കലായോ ഏതെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അവർക്ക് ഹെൽപ്‌ലൈനുമായും പിന്തുണ ക്രമീകരണവുമായും ബന്ധപ്പെടാവുന്നതാണ്. എപ്പോഴും (24 x 7 ) എവിടേയും ഇവയെല്ലാം ലഭ്യമാണ്.

2. <u>ഇലക്ട്രോണിക് വിഭജനം</u>: ഉദ്യമിയായിത്തീരാൻ പോകുന്നയാൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോർട്ടലിലെ സ്വയം മൂല്യനിർണ്ണയ മോഡ്യൂൾ അപേക്ഷകനെ 'പരിശീലനാർത്ഥി' (ഉദ്യമം ആരംഭിക്കാൻ തയ്യാറാകുന്നതിനു മുമ്പ് പരിശീലനം ആവശ്യമായവർ) എന്നോ 'വായ്പയെടുക്കാൻ സജ്ജനായ വ്യക്തി' (ബാങ്കിനെ സമീപിക്കാൻ സജ്ജനായ വ്യക്തി അല്ലെങ്കിൽ വായ്പ നൽകാവുന്നയാൾ) എന്നോ തരം തിരിയ്ക്കുകയും വായ്പയെടുക്കുന്നയാൾ പരിശീലനാർത്ഥിയാണെങ്കിൽ അയാൾക്ക് വേണ്ടുന്ന പിന്തുണ ലഭിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു. സ്റ്റാർട്ട് അപ് ഇന്ത്യ പദ്ധതിയിൽ തങ്ങളുടെ അർഹതയെക്കുറിച്ചും ഉദ്യമം തുടങ്ങുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.

3. <u>മത്സരവും സുതാര്യതയും:</u> ഈ–ലോൺ വിപണിയിൽ ബാങ്കർമാർക്ക് എളുപ്പത്തിൽ ബിസിനസ്സ് സമ്പർക്കങ്ങളും പോർട്ടലിലെ പിന്തുണയിലൂടെ/മാർഗ്ഗദർശക ഏജൻസികളിലൂടെ അരിച്ചു വന്ന ശക്തമായ കേസുകളും ലഭിക്കുന്നു. അപേക്ഷകർ പോർട്ടലിൽ തങ്ങളുടെ ബാങ്കുകൾ തിരഞ്ഞെടുക്കുന്നു. ആധാറിനോട് ബന്ധപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതു കാരണം (എൻ ഈ ആർ ഒഴിച്ച്) ഒരേ വ്യക്തി ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ കുറവാകുന്നു. കൂടാതെ രാജ്യവ്യാപകമായ സർവെ വഴി സംഗ്രഹിക്കപ്പെട്ട ഡാറ്റ ലഭിയ്ക്കുന്നതിനായി എൻ ഐ സി കോഡ് സക്രിയമാക്കിയിട്ടുമുണ്ട്. ഉദ്യമം തുടങ്ങാനാഗ്രഹിക്കുന്ന വ്യക്തിയുമായി ചർച്ച ചെയ്തതിനു ശേഷം അപേക്ഷ പുന:പരിശോധിച്ച് വീണ്ടും സമർപ്പിക്കേണ്ടതായി വന്നാൽ അങ്ങിനെ ചെയ്യാവുന്നതാണ്. എല്ലാ അപേക്ഷകർക്കും തല്പരകക്ഷികൾക്കും അപേക്ഷയെ പിന്തുടരാവുന്നതും (പ്രത്യേകം തയ്യാറാക്കിയ ഡാഷ്ബോർഡ് വഴി)പ്രൊപ്പോസലിന്മേൽ എടുത്ത വായ്പാ തീരുമാനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ നേടാവുന്നതുമാണ്.

- <u>സിംഗ്ൾ പോയിന്റ് സമ്പർക്കം</u> - ഉദ്യമം തുടങ്ങാനുദ്ദേശിക്കുന്ന വ്യക്തികൾക്ക് സബ്സിഡി പദ്ധതികളടക്കം എല്ലാ പദ്ധതികളെക്കുറിച്ചും വിവരം ലഭ്യമാകുന്നതിനാലും പൊതുവായ ഒരു അപേക്ഷാ ഫോറം ഉള്ളതിനാലും (ബാങ്കിംഗ് സമൂഹത്തിന് മുഴുവനും സ്വീകാര്യമായത്) ഈ പോർട്ടൽ വാസ്തവത്തിൽ ഒരു റിലേഷൻഷിപ്പ് മാനേജരായി പ്രവർത്തിക്കുന്നു. ഇതിലടങ്ങിയ വിവരങ്ങൾ വളരെ സരളമായതിനാലും, വഴി നടത്തുന്ന ഓഡിയോ വിഷ്വൽ സഞ്ചാരം, പൊതുവായ ലഘുലേഖകൾ, പത്രികകൾ, ഉപയോക്താവിനുള്ള മാന്വൽ, വീണ്ടും വീണ്ടും ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ (ബാങ്കർമാർക്കും, അപേക്ഷകർക്കും, പിന്തുണ നൽകുന്ന ഏജൻസികൾക്കും ബാധകമായവ) ഉപയോഗപ്രദമായ ലിങ്കുകൾ തുടങ്ങിയവ ഉള്ളതിനാലും ഒരു പുതിയ ഉപയോക്താവിന് ഇതിലൂടെ അനായാസമായി സഞ്ചരിക്കാൻ കഴിയും (ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ). ബാങ്കർമാർക്കും, അപേക്ഷകർക്കും, പിന്തുണ നൽകുന്ന ഏജൻസികൾക്കും ഈ പോർട്ടലിലൂടെ അനായാസം സഞ്ചരിക്കാൻ ഉതകുന്ന വിധത്തിലാണ് ഓഡിയോ വിഷ്വൽ ചലചിത്രം ലഭ്യമാക്കിയിരിക്കുന്നത്. ഇപ്പോൾ ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകകളിലുള്ളതു കൂടാതെ ഈ പോർട്ടലിൽ അപേക്ഷകരുടെ പ്രയോജനത്തിനായി 1ഉം , പിന്തുണ നൽകുന്ന ഏജൻസികളുടെ പ്രയോജനത്തിനായി 8ഉം ഓഡിയോ വിഷ്വൽ ചലചിത്രങ്ങൾ പ്രാദേശിക ഭാഷകളിൽ (മറാഠി, ഗുജറാത്തി, ബംഗാളി, തെലുങ്ക്, മലയാളം, കന്നട, തമിഴ്, ഒഡിയ) ലഭ്യമാക്കിയിട്ടുണ്ട്.

- ഏതെങ്കിലും ഡെസ്ക് ടോപ്പ്, ലാപ്ടോപ്പ്, മൊബൈൽ എന്നിവയിലും കൈകളിൽ വെച്ച് പ്രവർത്തിപ്പിക്കുന്ന മറ്റ് ഉപകരണങ്ങളും ഈ പോർട്ടൽ തുറക്കാവുന്നതാണ്. തുറക്കുമ്പോൾ തന്നെ എല്ലാ വിവരങ്ങളും പോർട്ടലിൽ ദൃശ്യമാകുന്നു. ഉദ്യമം തുടങ്ങാനുദ്ദേശിക്കുന്ന വ്യക്തി നന്നായി അറിവുള്ള ഇടപാടുകാരനായി മാറുന്നു. അതോടെ അയാൾക്ക് ഏതെങ്കിലും സ്ഥാപനത്തെ സമീപിക്കുന്നതിനു മുമ്പ് തയ്യാറെടുപ്പുകൾ നടത്താനും കഴിയുന്നു. പോർട്ടലിൽ പ്രവേശനം സൗജന്യമാണ്. വളരെ ദൂരെ സ്ഥിതി ചെയ്യുന്ന ഇടങ്ങളിൽ നിന്നു പോലും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ബാങ്ക് ശാഖയുടെ സാമീപ്യം വായപ നൽകുന്നതിനുള്ള ഒരു മാനദണ്ഡം

അല്ല. പരമ്പരാഗതമായ നടപടിക്രമത്തിൽ നിന്നും വ്യത്യസ്ഥമായി വായ്പയ്ക്കായി ബാങ്ക് ശാഖയെ സമീപിക്കുന്നതിനു പകരം ഇന്റർനെറ്റിന്റെ വ്യാപകമായ പ്രയോഗം മൂലം പ്രതികരണം വളരെ മെച്ചപ്പെട്ടിരിക്കുന്നു. ഇന്ന് ബാങ്കർമാർ വായ്പ നൽകാൻ സന്നദ്ധത അറിയിച്ചു കൊണ്ട് ഉദ്യമങ്ങൾ തുടങ്ങുന്നവരെ സമീപിക്കുകയാണ്. ബാങ്കർമാർ വിളിക്കുകയും അപേക്ഷകളിന്മേൽ പെട്ടെന്ന് പ്രതികരിക്കുകയും ചെയ്യുന്ന നല്ല അനുഭവങ്ങളാണ് അപേക്ഷകർക്ക് പങ്കു വെയ്ക്കാനുള്ളത്.

പ്രവേശനം

- 1 കോടി രൂപ വരേയുള്ള മുദ്ര, സ്റ്റാൻഡ് അപ്, എം എസ് എം ഇ വായ്പകൾക്കായുള്ള വിവിധ എം എസ് എം ഇ വായ്പ അപേക്ഷാഫോറങ്ങൾ സ്വീകരിക്കാൻ പോർട്ടലിനു കഴിയും.

- എല്ലാവർക്കും പ്രവേശനം – താഴെപ്പറയുന്ന 3 പ്രത്യേക സവിശേഷതകളോടെ ഇതിലെ സാമ്പത്തികവും സാമ്പത്തികേതരവുമായ സേവനങ്ങളിലേയ്ക്ക് പ്രവേശനം സാദ്ധ്യമാകുന്നു:

    - ഓൺലൈനായി പിന്തുണ ആവശ്യപ്പെടാം
    - താല്പര്യമുള്ള ബാങ്കുകൾ തിരഞ്ഞെടുത്ത് ഓൺലൈനായി അപേക്ഷിക്കാം
    - വായ്പ അപേക്ഷയിന്മേൽ പെട്ടന്ന് നടപടി എടുക്കാൻ സഹായകരമാണ്

- സിഡ്ബി ഉദ്യമി മിത്ര പോർട്ടലിൽ പ്രവേശിച്ചു കഴിയുമ്പോൾ റജിസ്റ്റർ ചെയ്യാനും ലോഗ്-ഇൻ ചെയ്യാനും ഉപയോക്താവിനോട് നിർദ്ദേശിക്കുന്നു. ഉദ്യമിയായിത്തീരാൻ പോകുന്നയാൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സിസ്റ്റം അപേക്ഷകനെ 'പരിശീലനാർത്ഥി' (ഉദ്യമം ആരംഭിക്കാൻ തയ്യാറാകുന്നതിനു മുമ്പ് പിന്തുണ/പരിശീലനം ആവശ്യമായവർ) എന്നോ 'വായ്പയെടുക്കാൻ സജ്ജനായ വ്യക്തി' (ബാങ്കിനെ സമീപിക്കാൻ സജ്ജനായ വ്യക്തി അല്ലെങ്കിൽ വായ്പ നൽകാവുന്നയാൾ) എന്നോ തരം തിരിയ്ക്കുന്നു. സജ്ജനായ വ്യക്തിയ്ക്ക് വായ്പയ്ക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ആയതിന് അപ്പോൾ തന്നെ എസ് എം എസ്/ഈമെയിൽ വഴി അക്നോളഡ്ജ്മെന്റ് ലഭിയ്ക്കുകയും ചെയ്യും. സമർപ്പിക്കപ്പെട്ട അപേക്ഷ വായപ് അപേക്ഷിച്ച വ്യക്തി തിരഞ്ഞെടുത്ത ബാങ്കിന്റെ നോഡൽ ഓഫീസർക്ക് ഓൺലൈനായി സൂചന നൽകുന്നതോടൊപ്പം ആ ബാങ്കിലേക്ക് പ്രവഹിക്കുന്നു.

- സാമ്പത്തികേതര സേവനങ്ങളിലേയ്ക്ക് പ്രവേശനം – ഈ സേവനങ്ങൾ പ്രയോജനപ്പെടുത്താനായി അപേക്ഷകന് പ്രതിശ്രുത ഉദ്യമത്തിന്റെ (റജിസ്റ്റ്രേഷൻ സമയത്ത് നൽ കിയ സംസ്ഥാനത്തിന്റേയും ജില്ലയുടേയും അടിസ്ഥാനത്തിൽ) സമീപത്തുള്ള പിന്തുണ നൽകുന്ന ഏജൻസിയുടെ വിവരങ്ങൾ തിരയാവുന്നതാണ്. ഈ പോർട്ടൽ, അപേക്ഷ സമർപ്പണം/പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, സാമ്പത്തിക പരിശീലനം, നൈപുണ്യ പരിശീലനം, മാർഗ്ഗനിർദ്ദേശം, സംരംഭ വികസന പരിപാടികൾ, പണിശാലകൾ, വിവിധ സംസ്ഥാന/കേന്ദ്ര സംഘടനകൾ/കോർപ്പറേഷനുകൾ എന്നിവ നടപ്പിലാക്കുന്ന മാർജിൻ മണി/സബ്സിഡി മുതലായ വിവിധ മേഖലകളിൽ പ്രാഗൽഭ്യമുള്ള പിന്തുണ നൽകുന്ന ഏജൻസികളെക്കുറിച്ചുള്ള വിവരങ്ങൾ ഒരുക്കിയിട്ടുണ്ട്.

- തല്പരകക്ഷികൾ തമ്മിൽ സമ്പർക്കം – പ്രതികരണ പ്രവർത്തനം മെച്ചപ്പെടുത്താനായി തല്പരകക്ഷികൾ തമ്മിൽ ഈ പരസ്പര സമ്പർക്ക പോർട്ടലിലൂടെ സന്ദേശങ്ങൾ കൈമാറാൻ സാധിക്കുന്നു. വായ്പ അപേക്ഷ പരിശോധിച്ച ശേഷം ആവശ്യമെങ്കിൽ ബാങ്കർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും അപേക്ഷകന് അത്തരം വിവരങ്ങൾ ഈ പോർട്ടലിലൂടെ നൽകാവുന്നതുമാണ്.

- ഗ്യാരണ്ടി കവറേജ് – ഈ പോർട്ടൽ, ഗ്യാരണ്ടി കവറേജിനായി ഒരു പരിശോധനാ പട്ടികയടക്കം ആദ്യം തന്നെ താൽക്കാലിക അർഹത സൂചിപ്പിക്കുന്നു.

# ഉദ്യമി മിത്ര.ഇൻ പോർട്ടലിൽ പ്രവേശിക്കാനുള്ള

